വ്യാപകമാക്കുന്നതിനും ആലോചനയുണ്ട്. കേന്ദ്ര സർക്കാർ പുതുതായി ആവിഷ്ക്കരിച്ച സ്വജൽധാരാ പദ്ധതി പ്രയോജനപ്പെടുത്തി പരമാവധി സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടെ ജലവിതരണ പദ്ധതികൾ നടപ്പാക്കാൻ നടപടികളെടുത്തു വരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

63 (955) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിലുള്ള ശുദ്ധജലവിതരണ പദ്ധതികളില്ലാത്ത ഗ്രാമപ്രദേശങ്ങളിലും പൈപ്പ് കണക്ഷൻ വഴി ശുദ്ധജലവിതരണം ലഭ്യമാകുന്ന പ്രദേശങ്ങളിലും നഗരങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉറവിടം വിപുലീകരിക്കുക, പമ്പുകളുടെയും പൈപ്പു ലൈനുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, പഴയ പമ്പുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക, വിതരണ ശൃംഖല വിപുലീകരിക്കുക തുടങ്ങിയ പണികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ചില സ്ഥലങ്ങളിൽ ജില്ലാ കളക്ടർ അനുവദിച്ച ഫണ്ട് ഉപയോഗിച്ചും മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശാശ്വത പരിഹാരം ലക്ഷ്യമാക്കി കേരള വാട്ടർ അതോറിറ്റി 224 ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. 35 പദ്ധതികൾക്ക് ഈ വർഷം അംഗീകാരം കൊടുത്തിട്ടുണ്ട്. ചെറുതും വലുതുമായ 1280 പദ്ധതികൾക്ക് 11-ാം ധനകാര്യകമ്മീഷൻ, കേന്ദ്ര സർക്കാർ എന്നിവയുടെ അംഗീകാരം തേടിയിട്ടുണ്ട്. "വർഷ" പദ്ധതി പ്രകാരം 170 യൂണിറ്റുകളുടെ പണിയും "മഴവെള്ളക്കൊയ്ത്ത്" പരിപാടിപ്രകാരം 143 യൂണിറ്റുകളുടെ പണിയും പൂർത്തിയാക്കി. 7 തടയണകൾ നിർമ്മിക്കുന്ന പണി പൂർത്തിയാക്കി. ഭൂജലവകുപ്പ് കൃത്രിമ ഭൂജലസംരക്ഷണ പദ്ധതി മഴവെള്ളശേഖര പദ്ധതി എന്നിവ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ച് കൊല്ലം, കാസർഗോഡ് ജില്ലകളിലും 'ജലനിധി' പദ്ധതിയനുസരിച്ച് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലും ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ സഹായത്തോടെ ജനകീയ പങ്കാളിത്തത്തോടെ 'സ്വജൽധാര' പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) പ്രശ്ന പരിഹാരത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ (എ) യുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളുടെ കണക്ക്

64 (956) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളെ സംബന്ധിച്ച കണക്ക് സർക്കാർ എടുത്തിട്ടുണ്ടോ ;

(ബി) കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(സി) കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിലെ ജലവിതരണത്തിലെ ആവശ്യകതയും വിതരണവും തമ്മിലുള്ള വിടവ് എത്രയാണെന്നത് സംബന്ധിച്ച് വിശദീകരിക്കാമോ ;

(ഡി) സംസ്ഥാനത്തെ മൊത്തം കുടുംബങ്ങളിൽ ഗാർഹിക പൈപ്പു കണക്ഷനുകൾ നൽകിയിട്ടുള്ള കുടുംബങ്ങൾ എത്രശതമാനമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കുടിവെള്ള പ്രശ്നമുള്ള ഗ്രാമങ്ങളെ സംബന്ധിച്ച് 1980-ൽ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. പിന്നീട് കേന്ദ്ര സർക്കാരിന്റെ രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ രൂപീകരിച്ചതിനുശേഷം 1991-ൽ ഒരു സർവ്വേ നടത്തുകയുണ്ടായി. അതിൻപ്രകാരം ഇനിയും 228 വാർഡുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കേണ്ടതായിട്ടുണ്ട്.

(സി) ഇപ്പോഴുള്ള കണക്കുപ്രകാരം നഗരങ്ങളിലെ ജനങ്ങൾക്ക് ഉദ്ദേശം 2057 ദശലക്ഷം ലിറ്റർ വെള്ളത്തിന്റെ ആവശ്യമുണ്ട്. എന്നാൽ 1140 ദശലക്ഷം വെള്ളം മാത്രമേ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളു. വിടവ് 45% ആണ്.

(ഡി) 13.2 ശതമാനം.

കുറ്റ്യാടി അണക്കെട്ടിന്റെ പുനരധിവാസ പദ്ധതിക്കുവേണ്ടി ലോകബാങ്കിന്റെ ധനസഹായം

65 (957) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി അണക്കെട്ടിന്റെ പുനരധിവാസ പദ്ധതിക്കുവേണ്ടി ലോകബാങ്കിന്റെ ധനസഹായത്തിന് അപേക്ഷ നൽകിയതിന്റെ തുടർ നടപടികൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly